


ESTD: 1961
FOUNDER A.S. HAMEED SAHIB (LATE)
CHAIRMAN:KALAPREMI BASHEER BABU
R.N. NO. 13449/61
PHONE: 2286523

# KALAPREMI

MALAYALAM DAILY
(PUBLISHED FROM THE CAPITAL CITY OF KERALA)
THIRUVANANTHAPURAM - 695 573, INDIA






# Dr.Muhammed Majeed has successfully completed scientific research in the field of medical science



## ആരോഗ്യമേഖലയിൽ ശാസ്ത്രപരീക്ഷണ– ഗവേഷണങ്ങളിലൂടെ വിജയം വരിച്ച ഡോക്ടർ മുഹമ്മദ് മജീദ്

Edited, Printed and Published by Subeeha at Press Centre,P.O Vilappilsala, Tvpm-695573, Ph: 4010098. MOB:9544614495, 9847748049, 9495349287

# ആരോഗ്യരംഗത്ത് അമേരിക്കൻ ഐക്യനാടുകളിൽ അത്ഭുതം സൃഷ്ടിച്ച ഡോ. മുഹമ്മദ് മജീദ്

കൊല്ലം കണ്ടാൽ ഇല്ലം വേണ്ട !

അതു ഒരു പഴയ മൊഴി

കശുവണ്ടിഫാക്ടറികളിലെ മണിയൊച്ച നിന്നു.

പുകക്കുഴലുകൾ നിശ്ചലമായി.

ശൂന്യമായ കൊല്ലം കടൽ തീരവും കടപുറവും, പാലവും.

ശ്മശാനമൂകത വിളിച്ചറിയിച്ചു കൊണ്ടുള്ള തങ്കശ്ശേരി ലൈറ്റ് ഹൗസ്.

ദേശങ്കനാട് നിദ്രയിലേക്കുതന്നെ പോയി.

വേണാടിന്റെ സിരാകേന്ദ്രമായിരുന്ന കൊല്ലം ഗ്രാമം സംഭാവന ചെയ്ത ഒരു ചെറുപ്പകാരൻ അമേരിക്കൻ ഐക്യനാടുകളിൽ ആതുരരംഗത്തു അത്ഭുതം സൃഷ്ട്രിച്ചു. മുഹമ്മദ് അതാണ് ഡോ. മുഹമദ് മജീദിന്റെ കഥ.

സ്റ്റെതസ്കോപ്പും തോളിലിട്ട് വെള്ള ഓവർകോട്ടും ധരിച്ചു ഭിഷഗ്വരനായി മാത്രം മുന്നോട്ട് പോകണ്ടയെന്നു തീരുമാനിച്ചു. നിശ്ചയദാർഢ്യത്തിന്റെ കുതിപ്പേകിയ ഉൾകരുത്തുമായി മുന്നോട്ടുപോയി.

കേരള സർവ്വകലാശാലയിൽ നിന്നും ഫാർമസി ബിരുദം നേടി.


1975–ൽ പ്രവാസി ജീവിതം പേറി അമേരിക്കയിലേയ്ക്ക് പറന്നു.

ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ ഇൻഡസ്ട്രി ഫാർമസിയിൽ എം.എസ്. പിഎച്ച്ഡി പഠനം നടത്തി. ആയുർവേദത്തിന്റെ അന്താരാഷ്ട്ര മാർക്കറ്റിഗിനെ കൂടി അവഗാഢമായി ആലോചനയും നടത്തികൊണ്ടിരുന്നു. പഠിത്തത്തിലും പരിശീലനത്തിനും പരീക്ഷണങ്ങൾക്കുമിടയിൽ ജോലി ചെയ്യുവാനും ഡോ. മജീദ് മറന്നില്ല.

യു.എസ്സിലെ ന്യൂ ജഴ്സിയിലെ ഫിസൻ ഐ.എൻ.സിയിൽ ആർ.ആന്റ് ഡി.സി വിഷനികാർട്ടർ വെല്ലസ പാകേ റിസർച്ച് എന്നീ സ്ഥാപനങ്ങളിൽ സ്തുത്യർഹമായ സേവനങ്ങളും കാഴ്ചവെച്ച് കൊണ്ടിരുന്നു.



ധനം എൻ.ആർ.ഐ ബിസിനസ്മാൻ ഓഫ് ദി ഇയർ 2016 പുരസ്കാരം സമി സബിൻസ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ഡോ. മുഹമ്മദ് മജീദിന് സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ വിജി മാത്യു സമ്മാനിക്കുന്നു. ആയുർവേദ വ്യവസായത്തിലെ ബൃഹത്തായ നേട്ടങ്ങളും സംഭാവനകളും പരിഗണിച്ചാണ് പുരസ്കാരം നൽകിയത്.



പരമ്പാരഗത ആയൂർവേദത്തെ ശാസ്ത്രീയമായി സംയോജിപ്പിച്ച് ആയൂർവേദരംഗത്ത് ആധുനികമായ ചികിത്സാരീതി നടപ്പിൽ വരുത്തി അതു സംബന്ധിച്ച് ലേഖനങ്ങളെഴുതി ക്ലാസുകൾ കൈകാര്യം ചെയ്തും ഈ രംഗത്ത് പ്രശസ്തനും പ്രഗത്ഭനുമായി.

നമ്മുക്ക് പ്രകൃതി അനുഗ്രഹിച്ചു നൽകിയിട്ടുള്ള മഞ്ഞൾ, കുടംപുളി, വെളുത്തുള്ളി, കുരുമുളക്, പയർ എന്നീ അമൂല്യങ്ങളായവ ഗവേഷണം നടത്തി മാരക രോഗങ്ങൾക്ക് കാൻസറിനു വരെ പച്ചില കൊണ്ടുള്ള മരുന്നുകൾ കണ്ടുപിടിച്ചു അതു വിപണിയിലെത്തിച്ചു അന്താരാഷ്ട്ര മേഖലയിൽ ആ



യൂർവേദത്തിന് വിജയത്തിന്റെ വേദികളൊരുക്കി.

കഴിവും പ്രതിഭയുമുള്ള ശാസ്ത്രജ്ഞന്മാരെ കോർത്തിണക്കി 1991–ൽ സമിലാബ്സ് ലിമിറ്റഡ് ആന്റ് മാനുഫ്ക്ച്ചറൽഗ്രൂപ്പ് കർണ്ണാടകത്തിലെ ബാംഗ്ലൂരിൽ സ്ഥാപിച്ചു.

ആയിരത്തി അഞ്ഞൂറോളം പേർ പ്രവർത്തിയെടുക്കുന്ന സമി ലാബ്സ് സൗന്ദര്യവർധക ഉല്പന്നങ്ങളുടെയും ഉറവിടമായി. സമി സ്ഥാപനങ്ങൾ നിർമ്മിച്ച ബൃഹ്രത്തായ പോഷകാഹാര ഉല്പന്നങ്ങളും ഗുണമേറിയതായി ലോകവിപണിയിൽ കമ്പോളങ്ങൾ കണ്ടെത്തി.

സമിലാബ്സിൽ പ്രധാനമായി ഉൽപാദപ്പിക്കപ്പെട്ട രണ്ടു അംഗീകൃത ഔഷധങ്ങൾ വിശ്വപ്രസിദ്ധമാണ്. ഒന്ന് നേത്രരോഗ ചികിത്സയ്ക്ക് പ്രകൃതി രമണീയമായി വേർതിരിച്ച് ഉൽപാദിപ്പിച്ചത്. മറ്റൊന്നു സോറിയാസ് എന്ന ത്വക്ക് രോഗ പ്രതിരോധ ഔഷധവും

ഗവേഷണരംഗത്ത് നിന്നു മാർക്കറ്റിംഗ് കമ്പനിയിലേക്കുള്ള കാൽവെയ്പ്പിൽ കടുത്ത വെല്ലുവിളികളെ നേരിട്ടുവെങ്കിലും ചുരുങ്ങിയ കാലംകൊണ്ട് പ്രയത്ന പരിശീലനപരിശ്രമത്തിലൂടെ ഉല്പാദന വിപണന വില്പനമേഖലയിൽ വിപ്ലവം തന്നെ സൃഷ്ട്രിച്ചു.

യു.എസ്.എയിലെ ജഴ്സി ആസ്ഥാനമായി രൂപം നൽകിയ സബൻസ കോർപ്പറേഷൻ അതിവിജയത്തിലാണ്.

യൂറോപ്പ്, ആസ്ട്രേലിയ. ജപ്പാൻ, കൊറിയ, സൗത്ത് ആഫ്രിക്ക, ചൈനാ, മലേഷ്യ, യു.എ.ഇ ഇന്ത്യയിലെല്ലാം സെയിൽസ് വിതരണ കേന്ദ്രങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

സമിയുടെയും സബിൻസായുടെയും ശൃംഖലകൾ ലോകത്തിന്റെ മറ്റുരാജ്യങ്ങളിലെയ്ക്കും സ്ഥാപിക്കുവാനുള്ള പുറപ്പാടിലാണ് ഡോ. മജീദ്.

ഇന്ത്യയിൽ പലേടത്തുമായി കർഷകരെ കൂട്ടി ധാരാളം ഔഷധ ചെടികൾ കൃഷിചെയ്ത് അതൊരു മഹാപ്രസ്ഥാനമായ കൂട്ടായ്മയായി മാറ്റികൊണ്ടിരിക്കുകയാണ് ഈ കർമ്മ സാരഥി.സ്വപ്രയ്തനം കൊണ്ട് സമ്പന്നമായ സ്ഥിതിയിലെത്തിയെങ്കിലും വീണ്ടും യാത്ര തുടരുകയാണ്.

സാമൂഹ്യപ്രതിബന്ധതയോടെ ജീവകാരുണ്യ, ധാർമ്മിക, വിദ്യാഭ്യാസ, സാംസ്കാരിക പ്രവനർത്തനങ്ങളിലും സജീവസാന്നിധ്യമുള്ള ഈ സഞ്ചാരപ്രിയന് അവാർഡുകളും പുരസ്കാരങ്ങളും അനവധിയാണ് ലഭിച്ചിട്ടുള്ളത്.

ജന നന്മയ്ക്കുവേണ്ടി ആരോഗ്യമേഖലയിൽ കാഴ്ചവെച്ച അതിപ്രഗാത്ഭമായ പ്രവർത്തനങ്ങളെ വിലയിരുത്തു 2004ൽ യൂഎസ് കോൺഗ്രസ് അംഗീകാരമുള്ള നേക്കോ ഗ്രൂപ്പ് എല്ലീസ് ഐലൻഡ് മെഡൽ ഓ



മെഡിക്കൽ കോളേജിന്റെ 65–ാമത് വാർഷികാഘോഷത്തോടനുബന്ധിച്ച് അലുമ്നി അസോസിയേഷന്റെ അവാർഡ് സമീലാബ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ പ്രമുഖ ആയുർവേദ ഗവേഷകനുമായ ഡോ. മുഹമ്മദ് മജീദിന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു.

ഫ് ഹോർണർ അവാർഡ് നൽകി ആദരിച്ചത് ഡോ. മജീദിന്റെ ജീവിതപുരോഗതിയിലെ ഒരു നാഴികകല്ലായി അദ്ദേഹം കരുതുന്നു.

നമ്മുടെ രാജ്യത്തിന്റെ സ്വന്തമായ പല ഔഷധവസ്തുക്കളുടെയും ബൗദ്ധീക സ്വാന്തം അവകാശം നഷ്ടപ്പെടാതിരിക്കാൻ ഡോ. മജീദ്ദും സംഘവും നിരവധി നിയമപോരാട്ടങ്ങളും നടത്തിവരുന്നു. 150–ഓളം പേറ്റന്റുകൾ ന്യൂട്രിഷൻസ്, കോസ്മെറ്റിക്സ്, ഫാർമോസ്യൂട്ടിക്കൽസ് എന്നിങ്ങനെ പോകുന്നു പട്ടിക. ഡോ. മജീദ്ദിന്റെ സ്ഥാപനങ്ങളെ യു.എസ്.എയിലെ ന്യൂജഴ്സി റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് കൗൺസിൽ ബെസ്റ്റ് പേറ്റന്റ് ബഹുമതി നൽകി ആദരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽകോളേജിന്റെ 65–ാമത്ത് വാർഷികത്തോടനുബന്ധിച്ച് അലുമിനി അസോസിയേഷന്റെ അവാർഡ് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നൽകി ആദരിക്കയുണ്ടായി.

തന്റെ ഒരു പഴയ സഖാവായ ഡോ. മുഹമ്മദ് മജീദിനെ പുരസ്കാരം നൽകികൊണ്ട് മുഖ്യമന്ത്രി തന്റെ കഴിവുകൾ നാട്ടിൽകൂടി പ്രയോജനപ്പെടുത്തി കേരളത്തിലും സ്ഥാപനങ്ങൾ ആരംഭിക്കുവാൻ അഭ്യർത്ഥിച്ചു.

ഒരു നവകേരളം പടുത്തുയർത്തുന്നതിനായി പടയോട്ടം നടത്തുന്ന സഖാവ് പിണറായി വിജയന്റെ ആഹ്വാനമനുസരിച്ച് ഡോ. മുഹമ്മദ് മജീദ് ഇവിടെയും പ്രസ്ഥാനങ്ങൾ ആരംഭിക്കുവാനുള്ള പുറപ്പാടിലാണ്.

ഏറ്റവും അവസാനമായി ആരോഗ്യരംഗത്തെ ആഗോളസംഭാവനകളെ മാനിച്ചു കൊച്ചിയിൽവെച്ച് ധനം എൻആർഐ ബിസിനസ്മാൻ ഓഫ് ദിഇയർ നൽകി പ്രശംസിച്ചു. ഇന്ത്യയുടെ തനതായ സസ്യസമ്പത്തിലും സുഗന്ധവ്യഞ്ജനങ്ങളുടെ സത്തിലും ഇനിയും കണ്ടെത്തലുകൾ കഴിയുമെന്ന് പ്രസ്താവിച്ചു.

ധനം പുരസ്കാരം നേടിയ ഡോ. മുഹമ്മദ് മജിദീനെ ഇൻഡോ–അറബ് ഫ്രണ്ട്ഷിപ്പ് സെന്റർ തിരുവനന്തപുരത്തുവെച്ച് ആദരിച്ചപ്പോൾ ശാസ്ത്രഗവേഷണങ്ങളുടെ ആധുനിക വക്താവായ മജീദ് പറഞ്ഞു. ' ഞാൻ പഠിച്ചുവളർന്ന നാട്ടിൽ ഗവേഷണത്തിനും ഉല്പാദനത്തിനും വിപണനത്തിനുമായി കൂറെ സ്ഥാപനങ്ങൾ ഉടനെ ആരംഭിക്കും.

വിശ്വാസങ്ങളിലൂടെ വിജയം നേടിയ എന്റെ പഴയ ബഹുമാന്യസുഹൃത്തു കൂടിയായ ഈ മനുഷ്യ സ്നേഹിയുടെ നടപാതയിൽ പച്ചപരവതാനി വിരിച്ചു ആശംസകൾ നേരുന്നു. അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.സർവ്വശക്തന്റെ സഹായങ്ങൾ വർഷിക്കുമാറാകട്ടെ.

***കലാപ്രേമി ബഷീർ ബാബു***



ധനം അവാർഡ് നേടി തലസ്ഥാനത്തെത്തിയ ഡോ. മുഹമ്മദ് മജീദിനെ ഇൻഡോ അറബ് ഫ്രണ്ട്ഷിപ്പ് സെന്റർ സാരഥികൾ സ്വീകരണം നൽകി ആദരിച്ചപ്പോൾ